"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാന ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടത്തുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളം കളി മത്സരം, ചെങ്ങന്നൂർ പെരുമ എന്നീ പരിപാടികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2138/2023/LSGD    തീയതി,തിരുവനന്തപുരം, 01-11-2023

---

**ഉത്തരവ്**

സംസ്ഥാന ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് വള്ളം കളി മത്സരം 2023 ഡിസംബർ 02 ന് നടത്തുന്നതായും അതിനു മുന്നോടിയായി 2023 നവംബർ 19 മുതൽ ഡിസംബർ 2 വരെ ചെങ്ങന്നൂർ നഗരത്തിൽ വെച്ച് ചെങ്ങന്നൂരിന്റെ പൈതൃക കേന്ദ്രങ്ങൾ, പാരമ്പര്യ കലകൾ, പമ്പാനദി ഉൾപ്പെടെയുള്ള നദീതടങ്ങൾ എന്നിവയെ കോർത്തിണക്കി ടൂറിസം സാധ്യതകൾ വികസിപ്പിക്കുന്നതിനും ആഗോള ടൂറിസം ഭൂപടത്തിൽ ചെങ്ങന്നൂരിന് തനതായ സ്ഥാനം കൈവരിക്കുന്നതിനുമായി സാംസ്ക്കാരിക ഘോഷയാത്ര, വിവിധ കലാ, സാഹിത്യ സാസ്ക്കാരിക പരിപാടികൾ, നാടകോത്സവം, സെമിനാറുകൾ, ട്രേഡ് ഫെയർ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ചെങ്ങന്നൂർ പെരുമ എന്ന പേരിൽ ഒരു സാംസ്കാരികോത്സവം നടത്തുന്നതായും ഈ പരിപാടികളുടെ നടത്തിപ്പിനായി ചെങ്ങന്നൂർ നഗരസഭയ്ക്കും സമീപത്തുള്ള 10 ഗ്രാമ പഞ്ചായത്തുകൾക്കും പ്ലാൻഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ 2 ലക്ഷം രൂപ വീതം ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ 2023 ഡിസംബർ 2-ന് നടത്തുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സര വള്ളംകളിയുടെയും അതിനു മുന്നോടിയായി 2023 നവംബർ 19 മുതൽ ഡിസംബർ 2 വരെ നടത്തപ്പെടുന്ന "ചെങ്ങന്നൂർ പെരുമ" എന്ന സാംസ്കാരികോത്സവത്തിന്റെയും നടത്തിപ്പിനുമായി ചെങ്ങന്നൂർ നഗരസഭയ്ക്കും സമീപത്തെ 10 ഗ്രാമപഞ്ചായത്തുകൾക്കും തനത് ഫണ്ടിൽ നിന്ന് 2 ലക്ഷം രൂപ വീതം കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ullas Krishnan S
Date: 01-11-2023 15:56:36

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.
ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി എസ്സിന്.